## എന്റെ കൃഷി, എന്റെ ആരോഗ്യം, ഒപ്പം നിങ്ങളുടെയും... പത്തനംതിട്ട ജില്ലയിൽ അയൽക്കൂട്ട വനിതകൾക്കായി കാർഷിക മത്സരം

കോവിഡ് കാലത്ത് മണ്ണിനോടും കൃഷിയോടുമുള്ള സ്നേഹം ഒന്നു കൂടി ഊട്ടിയുറപ്പിക്കുകയാണ് പത്തനംതിട്ട ജില്ലയിൽ കുടുംബശ്രീയുടെ കീഴിലുള്ള അയൽക്കൂട്ട വനിതകൾ. എന്റെ കൃഷി, എന്റെ ആരോഗ്യം, ഒപ്പം നിങ്ങളുടെയും എന്നാണ് കാർഷിക മത്സരത്തിന്റെ പേര്. ജില്ലയിലെ മുഴുവൻ അയൽക്കൂട്ട അംഗങ്ങളെയും കൃഷിയിലേക്ക് തിരിച്ചു കൊണ്ടു വരികയും ജൈവപച്ചക്കറി കൃഷിയിൽ സ്വയംപര്യാപ്ത ഭവനങ്ങൾ സൃഷ്ടിക്കുകയുമാണ് ഈ കാർഷിക ക്യാമ്പയിന്റെ പ്രധാന ലക്ഷ്യം. ആപത്ത് കാലത്ത് ജീവിതത്തെ പ്രതീക്ഷയോടും ആത്മവിശ്വാസത്തോടും കൂടി നേരിടാനും സ്വന്തം വീട്ടുമുറ്റത്ത് കാർഷിക സമൃദ്ധിയുടെ പച്ചപ്പുകൾ നിറയ്ക്കുകയുമാണ് കുടുംബശ്രീ ഈ കാർഷിക ക്യാമ്പയിനിലൂടെ.

ജില്ലയിലെ 58 സി.ഡി.എസുകളിലെ അയൽക്കൂട്ട വനിതകളാണ് കാർഷിക മത്സരത്തിൽ പങ്കെടുക്കുന്നത്. കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി കർശനമായി സാമൂഹിക അകലം പാലിക്കുന്നതിനാൽ സംഘം ചേർന്നുള്ള കൃഷി ഒഴിവാക്കിയിട്ടുണ്ട്. ഓരോ അയൽക്കൂട്ട അംഗവും സ്വന്തം വീട്ടുവളപ്പിൽ തന്നെ കൃഷി ചെയ്യണം. ഒന്നു മുതൽ 10 സെന്റ് സ്ഥലം വരെയുള്ള സ്ഥലത്ത് ജൈവക്കൃഷിക്ക് പ്രാധാന്യം നൽകി കുറഞ്ഞത് അഞ്ചിനം പച്ചക്കറികളെങ്കിലും കൃഷി ചെയ്തിരിക്കണം. പൂർണമായും ജൈവക്കൃഷി അവലംബിച്ചു കൊണ്ട് വൈവിധ്യമാർന്ന പച്ചക്കറികൾ കൃഷി ചെയ്യുകയും ഏറ്റവും കൂടുതൽ ഉൽപാദനം കൈവരിക്കുകയും ചെയ്യുന്ന വനിതകളെയാണ് മികച്ച കർഷകരായി തിരഞ്ഞെടുക്കുക. അയൽക്കൂട്ട വനിതകൾക്ക്

കൃഷി ചെയ്യുന്നതിനുള്ള വിത്ത് കൃഷി വകുപ്പിൽ നിന്നും കുടുംബശ്രീ ലഭ്യമാക്കും. ചീര, പയർ, വെണ്ട, പാവൽ, വഴുതന എന്നിവയുടെ വിത്തുകളാണ് നൽകുന്നത്.

അയൽക്കൂട്ട വനിതകൾ കാർഷിക മത്സരത്തിനായി സ്വന്തം വീട്ടുവളപ്പിൽ കൃഷിക്കായി നിലമൊരുക്കൽ പൂർത്തിയാക്കിയിട്ടുണ്ട്. ഇനി വിത്തിടൽ ചടങ്ങാണ്. വിത്തിടലിനു ശേഷം കൃഷിയിറക്കിയ അയൽക്കൂട്ട അംഗങ്ങളുടെ വിവരങ്ങൾ എ.ഡി.എസ് അംഗങ്ങൾ മുഖേന അതത് സി.ഡി.എസിനു കൈമാറും. തുടർന്ന് ഈ വിവരങ്ങൾ ജില്ലാമിഷന് കൈമാറും. ജൂലൈ 15 മുതൽ 25 വരെ വിളവെടുപ്പു നടത്തും. അതോടൊപ്പം ഓരോ സി.ഡി.എസിൽ നിന്നും രണ്ടു വീതം മികച്ച കർഷകയേയും കണ്ടെത്തും. ഒന്നാം സ്ഥാനം നേടുന്ന കർഷകയ്ക്ക് 2000 രൂപയും രണ്ടാം സ്ഥാനം നേടുന്ന കർഷകയ്ക്ക് 1000 രൂപയുമാണ് സമ്മാനമായി നൽകും. കൂടാതെ കാർഷിക മത്സരത്തിൽ ഏറ്റവും കൂടുതൽ അയൽക്കൂട്ട വനിതകളെ പങ്കെടുപ്പിച്ച സി.ഡി.എസിനെ ഏറ്റവും മികച്ച സി.ഡി.എസായും തിരഞ്ഞെടുക്കും. ആഗസ്റ്റ് ഒന്നിനാണ് ഇതുമായി ബന്ധപ്പെട്ട തിരഞ്ഞെടുപ്പ്.

ക്യാമ്പയിന്റെ ഔപചാരിക ഉദ്ഘാടനം നാളെ (23.04.2020) കളക്ട്രേറ്റ് കോൺഫറൻസ് ഹാളിൽ രാവിലെ 11ന് മാത്യു.ടി.തോമസ് എം.എൽ.എ നിർവഹിക്കും. കുടുംബശ്രീ പ്രവർത്തകർക്ക് പച്ചക്കറി വിത്തു നൽകി കൊണ്ട് വിത്തിടൽ ചടങ്ങ് വീണാ ജോർജ് എം.എൽ.എയും നിർവഹിക്കും